# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5167 — 22/5/2017 -ലെ മറുപടി

## വാട്ടർ അതോറിറ്റിയിൽ വിജിലൻസ് നടപടികൾ നേരിടുന്ന ജീവനക്കാർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ വിജിലൻസ് നടപടികൾ നേരിടുന്ന ജീവനക്കാരെ ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുത്താറുണ്ടോ; | (എ) വിജിലൻസ് നടപടികൾ നേരിടുന്ന ജീവനക്കാരെയും ഡി.പി.സി-യുടെ ഫീൽഡ് ഓഫ് ചോയ്സിൽ (പ്രമോഷന് നൽകുവാൻ പരിഗണനയിലുള്ള ജീവനക്കാരുടെ പട്ടിക) ഉൾപ്പെടുത്താറുണ്ട്. |
| (ബി) ഡിസിപ്ലിനറി നടപടികൾ നേരിടുന്നതും വിജിലൻസ് നടപടികൾ അഭിമുഖീകരിക്കുന്നതുമായ ഉദ്യോഗസ്ഥരെ ഡി.പി.സി-യിൽ ഉൾപ്പെടുത്തുമ്പോൾ അവർക്ക് ഉണ്ടായേക്കാവുന്ന ശിക്ഷാ നടപടികൾ പരിഗണിച്ച് ഡി.പി.സി-യിൽ നിന്നും ഒഴിവാക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) ഒഴിവാക്കാറുണ്ട്.<br>കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958-ലെ ചട്ടം 28 (b) പ്രകാരമാണ് ഡി.പി.സി രൂപീകരിച്ചിട്ടുള്ളത്. ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരിൽ നിന്നും അവരുടെ മെറിറ്റും എബിലിറ്റിയും കണക്കാക്കി പ്രമോഷന് അർഹതയുള്ള ജീവനക്കാരെ തെരെഞ്ഞെടുക്കുന്നത് ഡി.പി.സി ആണ്. ആയതിനാൽ ശിക്ഷാനടപടികൾ പരിഗണിച്ച് തീരുമാനമെടുക്കുന്നത് ഡി.പി.സി ആണ്. |

സെക്ഷൻ ഓഫീസർ